<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186**</u> <u>**23-02-2026 - ൽ മറുപടിയ്ക്ക്**</u>

# <u>ദേശീയ വൈദ്യുതി നയം</u>

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. ചാണ്ടി ഉമ്മന്‍,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എല്‍ദോസ് പി. കുന്നപ്പിള്ളില്‍** | | **ശ്രീ . കെ . കൃഷ്ണന്‍കുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** |
| (എ) | എല്ലാ വര്‍ഷവും വൈദ്യുതി നിരക്ക് തനിയെ പരിഷ്കരിക്കുന്ന സംവിധാനമടക്കം ഉള്‍പ്പെടുത്തി ദേശീയ വൈദ്യുതിനയത്തിന്റെ കരട് പ്രസിദ്ധീകരിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ദേശീയ വൈദ്യുതി നയത്തിന്റെ കരടില്‍ വൈദ്യുതി നിരക്ക് റെഗുലേറ്ററി കമ്മീഷന്റെ അനുമതി കൂടാതെ തന്നെ അംഗീകരിച്ച സൂചകങ്ങളെ അടിസ്ഥാനമാക്കി സ്വയം പുനര്‍നിര്‍ണയിക്കുന്നതിനുള്ള നിര്‍ദ്ദേശങ്ങള്‍ ഉള്‍പ്പെടുന്നു.<br><br>വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങളും അഭിപ്രായങ്ങളും സമാഹരിച്ച് സംസ്ഥാനത്തിന്റെ നിലപാട് രൂപപ്പെടുത്തുന്ന പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നടപടികള്‍ പൂര്‍ത്തിയായ ഉടന്‍, സമയബന്ധിതമായി സംസ്ഥാനത്തിന്റെ അഭിപ്രായങ്ങള്‍ കേന്ദ്ര സര്‍ക്കാരിനെ അറിയിക്കുന്നതാണ്. |
| (ബി) | വാണിജ്യ ഉപയോക്താക്കളില്‍ നിന്നുള്ള അധിക വരുമാനം കൊണ്ട് കാര്‍ഷിക ഗാര്‍ഹിക ഉപയോക്താക്കളുടെ നിരക്ക് കുറയ്ക്കുന്ന ക്രോസ് സബ്സിഡി സംവിധാനം ക്രമേണ നിര്‍ത്തലാക്കണമെന്ന കരട് നയത്തിലെ നിര്‍ദ്ദേശം സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കരട് ദേശീയ വൈദ്യുതി നയത്തില്‍ ക്രോസ്-സബ്സിഡി സംവിധാനം ക്രമേണ കുറയ്ക്കണമെന്ന നിര്‍ദ്ദേശം സംസ്ഥാനവും കെ.എസ്.ഇ.ബി. ലിമിറ്റഡും ഗൗരവത്തോടെ വിലയിരുത്തുകയാണ്. സംസ്ഥാനത്ത് സാമൂഹിക ഉത്തരവാദിത്തമുള്ള വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനുള്ള പ്രധാന ഉപാധിയായ ക്രോസ്-സബ്സിഡി സംവിധാനം കുറയുന്നതിലൂടെ ഗാര്‍ഹികവും കാര്‍ഷികവുമായ ഉപഭോക്താക്കള്‍ക്ക് നിരക്ക് വര്‍ധനവിലൂടെ സാമ്പത്തിക ഭാരം ഉണ്ടാകാനും സാമൂഹ്യ പ്രത്യാഘാതങ്ങള്‍ സൃഷ്ടിക്കാനും സാധ്യതയുണ്ടെന്ന് വിലയിരുത്തപ്പെടുന്നു. അതിനാല്‍ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങള്‍, ഉപഭോക്തൃ സംരക്ഷണം, സബ്സിഡി സംവിധാനത്തിന്റെ തുടര്‍ച്ച എന്നിവ ഉറപ്പാക്കുന്ന രീതിയില്‍ മാത്രമേ ഇത്തരത്തിലുള്ള നിര്‍ദ്ദേശങ്ങള്‍ പരിഗണിക്കാവൂ എന്ന നിലപാടിലാണ് സംസ്ഥാനവും കെ.എസ്.ഇ.ബി. ലിമിറ്റഡും, |

| | | | |
|---|---|---|---|
| | | | വിഷയത്തിൽ സംസ്ഥാന താൽപര്യങ്ങൾ പ്രതിഫലിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാരിനെ ആവശ്യമായ അഭിപ്രായങ്ങൾ അറിയിക്കുന്നതാണ്. |
| (സി) | കരട് നയത്തിലെ ഏതൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാന താൽപര്യത്തിന് വിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | കരട് ദേശീയ വൈദ്യുതി നയത്തിലെ ചില നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ നിലവിലെ വൈദ്യുതി വിതരണ മാതൃകയ്ക്കും സാമൂഹ്യസാഹചര്യങ്ങൾക്കും പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടെന്നാണ് വിലയിരുത്തുന്നത്.<br><br>വൈദ്യുതി വിതരണ മേഖലയിലെ മത്സരം പ്രോത്സാഹിപ്പിക്കൽ നയലക്ഷ്യമായി കണ്ട് മുന്നോട്ട് പോകുന്നത് (Clause 2.5) ഉചിതമല്ല എന്നാണ് കരുതുന്നത്. ഒരു വിതരണ പ്രദേശത്ത് ഒന്നിലധികം/ സമാന്തര വൈദ്യുതി വിതരണ ലൈസൻസികൾക്ക് അനുമതി നൽകുന്നത് (Clause 9.2) ഭാവിയിൽ വിതരണ ശൃംഖലയുടെ അസ്ഥിരതയിലേക്ക് നയിക്കും എന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ വൈദ്യുതി എത്തിക്കാൻ കേരളം ശ്രമിക്കുമ്പോൾ സാമ്പത്തിക പരിമിതികൾ ഉള്ളവർക്കു പോലും സൗജന്യ വൈദ്യുതി നൽകുന്നത് ഒഴിവാക്കുക. (Clause 4.3) എന്ന നിർദ്ദേശത്തോട് യോജിക്കാൻ ആകില്ല. ക്രോസ്-സബ്സിഡി സംവിധാനവും സർവജന സേവന ബാധ്യതയും (Universal Service Obligation) തകർക്കുന്നതും (Clause 4.5) സാധാരണക്കാരുടെ വൈദ്യുതി നിരക്ക് വർധിപ്പിക്കാൻ ഇടയാക്കും.<br><br>പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ (PSPs) അനുവദിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ വിവേചനാധികാരം നിലനിർത്തേണ്ടതുണ്ട് (Clause 6.4). ഒപ്പം വാണിജ്യ ഡാറ്റ പങ്കിടൽ (Clause 13) സംബന്ധിച്ച നിർദ്ദേശങ്ങൾ, വിതരണവും ട്രാൻസ്മിഷൻ മേഖലയിലും സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കൽ (Clause 4.4), സംസ്ഥാന ട്രാൻസ്മിഷൻ യൂട്ടിലിറ്റി (STU)യും സ്റ്റേറ്റ് ലോഡ് ഡിസ്പാച്ച് സെന്ററും (SLDC) പ്രത്യേക കമ്പനിയാക്കി മാറ്റുക (Clause 11.1), സംസ്ഥാനത്തിനകത്തെ ട്രാൻസ്മിഷൻ പദ്ധതികൾ താരിഫ് അധിഷ്ഠിത മത്സര ടെൻഡർ (TBCB) നടപ്പാക്കൽ വഴി സ്വകാര്യമേഖലയ്ക്ക് കൈമാറുക (Clause 8.4.1), ബോർഡിൽ പുറമെ നിന്നുള്ള വ്യക്തികളെ ഉൾപ്പെടുത്തണമെന്ന നിർബന്ധം (Clause 9.9) അഗ്രിഗേറ്റർമാരെ അവതരിപ്പിക്കൽ (Clause 5.1.7) ഇവ പൊതുമേഖലാ സ്ഥാപനങ്ങളുടെ താല്പര്യത്തിനു വിരുദ്ധമാകാൻ സാധ്യതയുണ്ട്. |

| | | | |
|---|---|---|---|
| | | | കാർഷികാവശ്യങ്ങൾക്കായുള്ള ഫീഡറുകളുടെ സോളറൈസേഷൻ സംബന്ധിച്ച പൊതുവായ നിർബന്ധം (Clause 4.3) കേരളത്തിന് പ്രയോജനകരം ആകണമെന്നില്ല. ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ (PPAകൾ) വിഭവപര്യാപ്തതയുടെ അടിത്തറയായി തുടരേണ്ടത് ഉണ്ട് (Clause 7). അല്ലാത്ത പക്ഷം ഭാവിയിൽ ഊർജ്ജ സുരക്ഷ ഉറപ്പുവരുത്താൻ സാധ്യമല്ല; ഒപ്പം വിപണി അടിസ്ഥാനത്തിലുള്ള വൈദ്യുതി വാങ്ങലും പൂരക സംവിധാനങ്ങളായി തുടരുകയാകും അഭികാമ്യം (Clause 4). |
| (ഡി) | കരട് നയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങളും അഭിപ്രായങ്ങളും സമാഹരിച്ച് സംസ്ഥാനത്തിന്റെ നിലപാട് രൂപപ്പെടുത്തുന്ന പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നടപടികൾ പൂർത്തിയായ ഉടൻ, സമയബന്ധിതമായി സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ